**E 8272** (Pages : 2) Reg. No..............................

Name..................................

# B.A. DEGREE (CBCS) EXAMINATION, JANUARY/FEBRUARY 2018

## First Semester

B.A. Malayalam (Model I and Model II)

Core Course—നവീന കവിത

(2017 Admissions)

Time : Three Hours Maximum Marks : 80

### പാർട്ട് എ

അരപ്പുറത്തിൽ കവിയാതെ **പത്തു** ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.

1. "നേരമുച്ച തിരിഞ്ഞപ്പോൾ
   തിരിയുന്നുണ്ടേ—കൂടെ
   വണ്ടി മുങ്ങി മരിച്ചോരും
   പറയുന്നുണ്ടേ"
   —ഈ വരികളിലെ ദുരന്തസ്മരണ ഏത് ?
2. "ഓർത്തിടുമ്പോൾ ഖേദമുള്ളിൽ
   ആരംഭിക്കുന്നേ"
   —കവിയുടെ ഖേദത്തിന് കാരണമെന്ത് ?
3. വീട്ടിൽനിന്നു വരുമ്പോൾ കൂട്ടുകാർക്കായ് കരുതുന്ന സമ്മാനങ്ങൾ എന്തെല്ലാം ?
4. "നിന്റെ ജീവിതം നിൻകാര്യം മാത്രം" എന്ന കോഴി വചനത്തിന്റെ പൊരുൾ എന്ത് ?
5. "ഇന്നത്തെ അത്താഴം ഇതുകൊണ്ടാവാം" എന്ന പ്രയോഗത്തിലെ കറുത്ത ഫലിതം വ്യക്തമാക്കുക.
6. ചങ്ങമ്പുഴ കൃഷ്ണപിള്ളയുടെ പ്രധാന കൃതികൾ പരിചയപ്പെടുത്തുക.
7. മേഘരൂപൻ എന്ന കവിത ആരെക്കുറിച്ചാണ് ? വ്യക്തമാക്കുക.
8. "ഒരു നിറം മാത്രമേ തന്നതുള്ളു വിധി
   എനിക്കാവതില്ലേ പല വർണമാവാൻ"
   —സാരസ്യം എഴുതുക.
9. ദുഃഖമോചനത്തിനായി കവയിത്രി നല്കുന്ന വില്പത്രം എന്ത് ? വിശദമാക്കുക.
10. "ഓരോ ഞരമ്പിനും പകരം ഹരിതജലമാർഗ്ഗങ്ങൾ"—ഈ പ്രയോഗത്തിലെ സൂചന എന്ത് ?
11. "ഉപ്പ് ഉണക്കമീൻ പുകയിലക്കെട്ട്
    ഉറുമ്പരിക്കുന്ന ഊരാളിപ്പെണ്ണ്"
    —സ്വാരസ്യം വ്യക്തമാക്കുക.
12. 'മദിരാശിയിൽ ഒരു സായാഹ്നം' എന്ന കവിത ഉന്നയിക്കുന്ന വിഷയം എന്ത് ?

(10 × 2 = 20)

Turn over

## പാർട്ട് ബി

ഒന്നര പുറത്തിൽ കവിയാതെ **ആറ്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

13. "നരകാവരോഹത്തിലേക്കെന്നപോലെ
വളവുകളും ഉദ്വേഗങ്ങളും വളർന്നു"
—കെ.ജി. ശങ്കരപ്പിള്ളയുടെ ഉദ്വേഗങ്ങൾ വ്യക്തമാക്കുക.

14. പെണ്ണും പ്രണയവും പ്രകൃതിയും മീര പാടുന്നു എന്ന കവിതയിൽ ഇട കലരുന്നതെപ്രകാരം ?

15. ആത്മഗീതം എന്ന കവിതയുടെ കാല്പനികസ്വഭാവം വിശദമാക്കുക.

16. ഇഷ്ടമുടിക്കായലിലെ പ്രാദേശിക മുദ്രകൾ പരിചയപ്പെടുത്തുക.

17. മനുഷ്യ ജീവിതത്തിന്റെ ക്ഷണികത 'നിമിഷം' എന്ന കവിതയിൽ എപ്രകാരം ആവിഷ്ക്കരിച്ചിരിക്കുന്നു ?

18. "ഇത്തറവാടിത്ത ഘോഷണത്തെപ്പോലെ
വൃത്തി കെട്ടിട്ടില്ല മറ്റൊന്നുമൂഴിയിൽ"
—ആശയം വിശദമാക്കുക.

19. "ഉർവ്വിയെ പുഷ്പിക്കും കലപോൽ നമുക്കത്ര
നിർവൃതികരം സർഗ്ഗവ്യാപാരമുണ്ടോ മന്നിൽ"
—കാർഷിക സംസ്കാരത്തിന്റെ അനവദ്യമായ അനുഭവമാണ് ഈ വരികളിൽ സ്ഫുരിക്കുന്നത്—വ്യക്തമാക്കുക.

20. "തലയ്ക്കുമീതെ കാലം
'ശൂം' ന്നു പായും അനങ്ങരുത് ! "
—ഈ വരികളിൽ നിറയുന്ന ഭീതി എന്ത് ? വിശദമാക്കുക.

21. "മുള്ളുകൾ മാത്രം ബാക്കിയാവുന്നൊരു കടൽ" എന്ന കവിതയിലെ മത്സ്യബിംബം പെണ്ണനുഭവത്തെ ആവിഷ്ക്കരിക്കുന്നതിൽ വിജയിച്ചിട്ടുണ്ടോ ? വിശദമാക്കുക.

(6 × 5 = 30)

## പാർട്ട് സി

നാലു പുറത്തിൽ കവിയാതെ **രണ്ട്** ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.

22. മലയാള സാഹിത്യത്തിലെ ദളിത് ചിന്താധാരയിൽ പൊയ്കയിൽ അപ്പച്ചന്റെ സ്ഥാനം നിർണയിക്കുക.

23. മാനവികതയുടെയും സാമൂഹിക വീക്ഷണത്തിന്റെയും അനുഭവ പാഠങ്ങളാണ് വൈലോപ്പിള്ളി, ഇടശ്ശേരി എൻ. വി. കൃഷ്ണവാര്യർ തുടങ്ങിയവരുടെ കവിതകൾ—വിലയിരുത്തുക.

24. കടമ്മനിട്ട, ബാലചന്ദ്രൻ ചുള്ളിക്കാട് എന്നിവരുടെ കവിതകളെ ആസ്പദമാക്കി കവിതയിലെ ആധുനിക പ്രവണതകൾ പരിചയപ്പെടുത്തുക.

25. മലയാളത്തിലെ സ്ത്രീവാദ കവിതകളുടെ പ്രസക്തി, വിൽപത്രം, സ്നേഹം, കൈക്കലത്തുണികൾ എന്നീ കവിതകളെ അടിസ്ഥാനമാക്കി ചർച്ച ചെയ്യുക.

(2 × 15 = 30)